ഉത്തരം

(എ&ബി) ദേശീയ ഗെയിംസിന്റെ നടത്തിപ്പിൽ ക്രമക്കേടുകൾ ആരോപിച്ച് ശ്രീ. വി. ശിവൻകുട്ടി എം.എൽ.എ. തുടങ്ങിയവർ പരാതി സമർപ്പിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ ബന്ധപ്പെട്ടവരോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. 35-ാം ദേശീയ ഗെയിംസിന്റെ കണക്കുകൾ ആഡിറ്റ് നടത്തി റിപ്പോർട്ട് നൽകുന്നതിനായി സംസ്ഥാന ആഡിറ്റ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ഇന്ത്യൻ ഒളിമ്പിക് അസോസിയേഷനുമായി ഒപ്പുവച്ച ഹോസ്റ്റ് സിറ്റി കോൺട്രാക്ട് പ്രകാരം ഗെയിംസ് നടത്തിപ്പുമായി ബന്ധപ്പെട്ട് എല്ലാ നിർദ്ദേശങ്ങളും നടപ്പാക്കിയിട്ടുണ്ട്.

(ഡി) വിശദാംശം അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(ഇ) ദേശീയ ഗെയിംസ് കമ്മിറ്റികളിൽ നിന്നും രാജിവച്ചവരുടെ പേരുവിവരം അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.* ഗെയിംസ് നടത്തിപ്പ് സംബന്ധിച്ച് വിവിധ ആക്ഷേപങ്ങൾ പ്രചരിക്കപ്പെടുന്നതിനാലാണ് രാജി വയ്ക്കുന്നതെന്നാണ് ഭൂരിപക്ഷം പേരും അറിയിച്ചിട്ടുള്ളത്.

(എഫ്) ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികളിൽ ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനും, കായികമന്ത്രാലയവും സംതൃപ്തി അറിയിക്കുകയുണ്ടായി.

ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഇറക്കുമതി ചെയ്ത പരിശീലന ഉപകരണങ്ങൾ

292 (298) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് ഇറക്കുമതി ചെയ്ത ഓരോ പരിശീലന ഉപകരണങ്ങൾക്കും ചെലവായ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; ഏത് വീതം ഉപകരണങ്ങളാണ് ഇറക്കുമതി ചെയ്തത് ; ഓർഡർ ചെയ്ത ഉപകരണങ്ങളുടെ എണ്ണം ലഭ്യമാക്കുമോ ; ഏത് കമ്പനികൾക്കാണ് ഓരോ ഉപകരണങ്ങളുടെയും ഇറക്കുമതി അനുവാദം കൊടുത്തത് ; ഈ അനുവാദത്തിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ദേശീയ ഗെയിംസിന് ഇറക്കുമതി ചെയ്ത പരിശീലന ഉപകരണങ്ങളിൽ ഉപയോഗിക്കാത്തവ എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അവ അടിയന്തരമായി തിട്ടപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) 35-ാം ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് പരിശീലനത്തിനു മാത്രമായി ഉപകരണങ്ങളൊന്നും ഇറക്കുമതി ചെയ്തിട്ടില്ല.

ദേശീയ ഗെയിംസിനുള്ള ബഡ്ജറ്റ്

293 (299) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ ഗെയിംസ് സംഘടിപ്പിക്കുന്നതിനുള്ള അന്തിമ ബഡ്ജറ്റിൽ ഏതെല്ലാം ഇനങ്ങളിൽ എത്ര രൂക വീതം വകയിരുത്തുകയുണ്ടായി;

(ബി) വിവിധ ഇനങ്ങളിലൂടെ എത്ര രൂക വരവ് പ്രതീക്ഷിച്ചു;

(സി) വകയിരുത്തിയതിലും കൂടുതൽ ചെലവുണ്ടായത് ഏതെല്ലാം ഇനങ്ങൾക്കാണ്;

(ഡി) ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ച ഏതെല്ലാം പരിപാടികൾ ലഘൂകരിക്കുകയോ വേണ്ടെന്ന് വയ്ക്കുകയോ ചെയ്തിട്ടുണ്ട് ;

(ഇ) ദേശീയ ഗെയിംസിന്റെ വരവുചെലവു കണക്കുകൾ വിശദമാക്കാമോ;

(എഫ്) പത്ര-ദൃശ്യ മാദ്ധ്യമങ്ങൾക്ക് പരസ്യം നൽകിയതിന് എത്ര രൂക ചെലവ് വന്നു ; ബഡ്ജറ്റിൽ വകയിരുത്തിയ രൂക എത്രയായിരുന്നു?

ഉത്തരം

(എ) ഓർഡറിന്റെ കോപ്പി അനുബന്ധമായി ചേർക്കുന്നു.*

(ബി) സ്പോൺസർഷിപ്പ് വകയിൽ പണവും വസ്തുക്കളുമായി 542 ലക്ഷം രൂപയാണ് പ്രതീക്ഷിക്കുന്നത് എന്ന് നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് അറിയിച്ചിട്ടുണ്ട്.

(സി) ചെലവ് അന്തിമമായി കണക്കാക്കിയിട്ടില്ല എങ്കിലും ആകെ ചെലവ് അംഗീകൃത ബഡ്ജറ്റിൽ അധികരിക്കാൻ ഇടയില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly